കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്, 2015-16

കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
e-mail-doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.ഡി ബി.829/2017

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം ജില്ല
തീയതി-01/07/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇത്തിക്കര ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : ഇത്തിക്കര ബ്ലോക്ക്പഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇത്തിക്കര ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും

ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)
2)അസിസ്റ്റൻറ് ഡെവലപ്പ്മെൻറ് കമ്മീഷണർ,കൊല്ലം.
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.ഡി ബി.829/2017 തീയതി-01 /07/2017

കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് 24.09.16 മുതൽ 11.03.17 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് ചെയ്യാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.മിനി.എ.എസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിനായി വിനിയോഗിച്ച സമയം | 13.03.2017 മുതൽ 21.03.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ. വി മണിലാൽ | ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീ.മനു കെ നായർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.എസ് ശരത്ത് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.വി.സത്യൻ | 01.04.15 മുതൽ 31.10.15 വരെ |
| | അഡ്മിനിസ്റ്റേറ്റീവ് കമ്മിറ്റി | 01.11.15 മുതൽ 18.11.15 വരെ |
| | ശ്രീമതി.മായാ സുരേഷ് | 19.11.15 മുതൽ 31.03.16 വരെ |
| സെക്രട്ടറി | ശ്രീമതി.റ്റി.കെ.സയൂജ | 01.04.15 മുതൽ 26.10.15വരെ |
| | ശ്രീമതി.റ്റി.ബീനാകുമാരി | 27.10.15 മുതൽ 11.02.16 വരെ |
| | ശ്രീ.പി.എസ്.നീലകണ്ഠപ്രസാദ് | 12.02.16 മുതൽ 31.03.16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ:

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി.വിമലാ ദേവി | 01.04.15 മുതൽ 31.03.16 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ.പ്രിൻസി ജോൺ | 01.04.15 മുതൽ 31.05.15 വരെ |
| | ശ്രീമതി.നിമ്മി അമീർ | 01.06.15 മുതൽ 25.10.15 വരെ |
| | ശ്രീമതി.സി.വി.പൗർണ്ണമി | 26.10.15 മുതൽ 31.03.16 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ.സി.എൻ.പ്രേംജിത്ത് | 01.04.15 മുതൽ 31.07.15 വരെ |

| | | |
|---|---|---|
| | ശ്രീ.എം.എസ്.പ്രമോദ് | 01.08.15 മുതൽ<br>27.09.15 വരെ |
| | ശ്രീ.ജേക്കബ് മാരിയോ | 28.09.15 മുതൽ<br>31.03.16 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.സാനിഎം.സോമൻ | 01.04.15 മുതൽ<br>31.03.16 വരെ |
| വെറ്റിനറി സർജൻ | ഡോ.സൈറാ റാണി കുഞ്ഞ് | 01.04.15 മുതൽ<br>01.10.15 വരെ |
| | ഡോ.ശ്യാം സുന്ദരൻ | 02.10.15 മുതൽ<br>10.12.15 വരെ |
| | ഡോ.ജാസ്മി ജമാൽ | 11.12.15 മുതൽ<br>31.03.16 വരെ |
| | ശ്രീ.കെ.സുനിൽകുമാർ | 01.04.15 മുതൽ<br>11.01.16 വരെ |
| | ശ്രീ.വേണു | 12.01.16 മുതൽ<br>01.02.16 വരെ |
| | ശ്രീ.അരവിന്ദാക്ഷൻ ചെട്ടിയാർ | 02.02.16 മുതൽ<br>10.02.16 വരെ |
| | ശ്രീമതി.സി.ഗീത | 11.02.16 മുതൽ<br>31.03.16 വരെ |
| അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | ശ്രീമതി.സ്മിത എസ് | 01.04.15 മുതൽ<br>14.12.15 വരെ |
| | ശ്രീമതി.എ.ബീന | 15.12.15 മുതൽ<br>14.01.16 വരെ |
| | ശ്രീ.അരുൺ ജെ.രഞ്ജ് | 15.01.16 മുതൽ<br>31.03.16 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ഡി.ഡി.യഥാസമയം ബാങ്കിൽ ഹാജരാക്കിയില്ല. ബ്ലോക്ക് പഞ്ചായത്തിനു ലഭിക്കേണ്ട 20000/- രൂപ നഷ്ടപ്പെട്ടു. | 2-1 |
| 12 | ഫർണ്ണീച്ചർ വാങ്ങൽ- സിഡ്കോയ്ക്ക് കൂടിയ നിരക്ക് നൽകി- 13867/- രൂപയുടെ നഷ്ടം | 3-1 |
| 13 | ടെണ്ടർ ക്ഷണിക്കാതെ സിഡ്കോയിൽ നിന്നും പ്ലാസ്റ്റിക് കസേര വാങ്ങി- 12,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-2 |
| 14 | പത്താംതരം തുല്യതാപഠനം- രേഖകൾ ഹാജരാക്കിയില്ല- 40000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-3 |
| 15 | പൂതക്കുളം ഗ്രാമപ്പഞ്ചായത്തിലെ ഇടയാടി തെങ്ങുവിള എസ്.സി.കോളനിയിൽ കമ്യൂണിറ്റിഹാൾ നിർമ്മാണം-പണി പൂർത്തിയാക്കിയില്ല. | 3-4 |
| 16 | പൂതക്കുളം ഗ്രാമപഞ്ചായത്തിലെ കലയ്ക്കോട് സി.എച്ച്.സി. കോൺഫറൻസ് ഹാൾ മെയിന്റനൻസ്- 35,081/-രൂപ അധികം നൽകി- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക തിരികെ ഒടുക്കി. | 3-5 |

| | | |
|---|---|---|
| 17 | രണ്ടാം ഘട്ടം സാന്ത്വനം പരിചരണ പരിപാലനം -ബ്ലോക്ക് പഞ്ചായത്ത് വാഹനം നൽകിയിട്ടും വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചു. | 3-6 |
| 18 | സബ്സിഡി മാർഗ രേഖയ്ക്ക് വിരുദ്ധമായി കാലിത്തീറ്റ വിതരണ പദ്ധതി നടപ്പിലാക്കി | 3-7 |
| 19 | ഭിന്നശേഷി ഉള്ളവർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ വാങ്ങാൻ 858000/-രൂപ വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകി -സ്കൂട്ടർ ലഭിച്ചില്ല . | 3-8 |
| 20 | ഇൻവോയ്സുകൾ ഇല്ല – 27000/-രൂപ തടസ്സപ്പെടുത്തുന്നു | 3-9 |
| 21 | അഭ്യസ്തവിദ്യരായ പട്ടികജാതി യുവതീയുവാക്കൾക്ക് പി.എസ്.സി. കോച്ചിംഗ്-108000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.4000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-10 |
| 22 | പ്രീമെട്രിക് ഹോസ്റ്റലിലേക്ക് മിക്സി വാങ്ങിയതിൽ ക്രമക്കേട് -3450/-രൂപ നിരാകരിക്കുന്നു | 3-11 |
| 23 | ലൈസൻസ് ഇല്ലാത്തവർക്കു ഓട്ടോറിക്ഷ വാങ്ങാൻ നൽകിയ സബ്സിഡി തുക നിരാകരിക്കുന്നു - 100000/-രൂപ | 3-12 |
| 24 | മണ്ണ് പരിശോധനാ ചെലവ്-രേഖകൾ ഹാജരാക്കിയില്ല.- 51525/- രൂപ തടസ്സപ്പെടുത്തുന്നു | 3-13 |
| 25 | ഐ.എ.വൈ ഭവന പദ്ധതി-തുക കൈപ്പറ്റിയവർ നിർമ്മാണം ആരംഭിച്ചിട്ടില്ല | 3-14 |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ | 4-7 |

| | | |
|---|---|---|
| | വിശദാംശം | |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 35 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.03.15 തീയതിയിലെ 1-ാം തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 30.07.2016 | ഇല്ല | ഇല്ല. |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 21-03-2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. |

## ന്യൂനതകളുടെ സംഗ്രഹം

1. ഷോ ടാക്സ് ഇനത്തിൽ 3025 രൂപയുടെ വരവുള്ളതായി RP-I ൽ കാണിച്ചിരിക്കുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ഈ ഇനത്തിൽ യാതൊരു വരവും ഇല്ല.

2. ബ്ലോക്ക് പഞ്ചായത്ത് കാന്റീൻ വാടകയിനത്തിൽ തൻ വർഷ വരവ് 1800/- രൂപയാണ്. എന്നാൽ RP-3 യിൽ 1000/- രൂപ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു.

3.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തിയുടെ മൂല്യം വാർഷിക ധനകാര്യ പത്രികയുമായി താരതമ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

4.സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധി വിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

5.ക്ലോസ്സിംഗ് സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6.വായ്പാ വരവിനത്തിൽ 2230/- രൂപയും, 308000/- രൂപയും ഉള്ളതായി RP-32 ൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.

7. ഇന്ദിര ആവാസ് യോജന അധിക ധനസഹായം വായ്പയിനത്തിൽ 13616454/- രൂപയുടെ ബാധ്യതയുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ 13211279/- രൂപ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28306327 |
| വരവ് | 136503498 |
| ആകെ | 164809825 |
| ചെലവ് | 90747213 |
| നീക്കിയിരിപ്പ് | 74062612 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 930274 | 21762428 | 22692702 | 22692702 | 0 |
| വികസനഫണ്ട് എസ്.സി.പി. | 38090 | 15319347 | 15357437 | 15357437 | 0 |
| വികസനഫണ്ട് ടി.എസ്.പി. | | 158000 | 158000 | 158000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 91214 | 1922401 | 2013615 | 2013615 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 63 | 46378578 | 45 | 40221754 | 8 | 10 | 84 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 60.38 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | 0 | 0 |
| നികുതിയേതര വരവുകൾ | 9555 | 353968 | 344413 | |
| മറ്റുവരവുകൾ | 1602416 | 284634 | (-)1317782 | |
| ആകെ | 1611971 | 638602 | (-)973369 | 60.38 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.03.17ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലായെന്ന് ബോധ്യപ്പെട്ടു.

**1-9** <u>ആഭ്യന്തരനിയന്ത്രണം</u>

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ച് വരുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലേല രജിസ്റ്റർ എന്നിവ സൂക്ഷിച്ച് വരുന്നില്ല.

**1-10** <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-07-16 | 2015-16 | 15.10.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-03-16 | 2012-13 മുതൽ 2014-15 വരെ | 21.04.16 |

## ഭാഗം-2

### <u>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

**2-1** <u>ഡി.ഡി.യഥാസമയം ബാങ്കിൽ ഹാജരാക്കിയില്ല. ബ്ലോക്ക് പഞ്ചായത്തിനു ലഭിക്കേണ്ട **20000/-** രൂപ നഷ്ടപ്പെട്ടു.</u>

ബ്ലോക്ക് പഞ്ചായത്തിൽ നടന്ന തടി ലേലം കൈക്കൊണ്ടിട്ടുള്ള ശ്രീ.സുരേഷ് ചന്ദ്രൻപിള്ള എന്ന വ്യക്തി ഇ.എം.ഡി. ഇനത്തിൽ നൽകിയിരുന്ന 20000/- രൂപയുടെ ഡി.ഡി. യഥാസമയം ബാങ്കിൽ ഹാജരാക്കാതിരുന്നതുമൂലം ലേലം ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന തുകയിൽ 20000/- രൂപയുടെ കുറവ് വന്നിരിക്കുന്നു. ഈ തുക നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിനു ലഭിച്ചിട്ടില്ലായെന്ന് പരിശോധനയിൽ കണ്ടെത്തി.

29.09.2015 ൽ നടന്നിട്ടുള്ള തടി ലേലം ശ്രീ.സുരേഷ് ചന്ദ്രൻപിള്ള എന്ന വ്യക്തി 341000/- രൂപയ്ക്ക് ലേലം കൊണ്ടിരുന്നു. ലേലത്തിൽ പങ്കെടുക്കുന്നതിനായി മേൽ വ്യക്തി 20000/- രൂപയുടെ ഡി.ഡി (നം.354338/തീ.28.09.15) ബ്ലോക്ക് പഞ്ചായത്തിൽ സമർപ്പിച്ചിരുന്നു. ആയത് കിഴിച്ച് ബാക്കി തുക 221000/- രൂപ ശ്രീ.സുരേഷ് ചന്ദ്രൻപിള്ള ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഇ.എം.ഡി. ഇനത്തിൽ നൽകിയിരുന്ന 20000/- രൂപയുടെ ഡി.ഡി. യഥാസമയം ബാങ്കിൽ ഹാജരാക്കാതിരുന്നതുമൂലം ഈ തുക നാളിതുവരെ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ഇതു സംബന്ധിച്ച് 16/03/17 ൽ നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി നം.7 ന് മറുപടി ലഭിച്ചിരുന്നില്ല. ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ള വീഴ്ച മൂലം ബ്ലോക്ക് പഞ്ചായത്തിനു നഷ്ടപ്പെട്ട 20000/- രൂപ ഉത്തരവാദിത്തപ്പെട്ടവരിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഫർണ്ണീച്ചർ വാങ്ങൽ- സിഡ്കോയ്ക്ക് കൂടിയ നിരക്ക് നൽകി- 13867/- രൂപയുടെ നഷ്ടം

പ്രോജക്റ്റ് നം. :46/16

എസ്റ്റിമേറ്റ് : 1,83,328/-(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)

20,000/-(തനതുഫണ്ട്) ആകെ 223328/-

ചെലവ് : 2,01,541/-രൂപ (ബിൽ നം .30/15-16/15.2.16-1,83,328/-രൂപ, ചെക്ക് നം .2116781/31.1.16-18,213/-രൂപ)

സിഡ്കോയിൽ നിന്നും വിതരണം ചെയ്യുന്ന ഫർണ്ണീച്ചറുകളുടെ വില്പനവില 28.5.2015-ലെ ജി.ഒ.(ആർ.ററി.)നം.26/15/എസ്.പി.ഡി. പ്രകാരം നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് നം.46/16( വിട്ടുകിട്ടിയ സ്ഥാപനങ്ങളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ) പ്രകാരം വാങ്ങിയ താഴെ പറയുന്ന ഫർണ്ണീച്ചറുകൾക്ക് ടി സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിനേക്കാൾ കൂടിയ നിരക്ക് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു;

| ക്രമ നം. | ഇനം | എണ്ണം | അനുവദനീയമായ വില | നൽകിയ വില | 14.5% വാറ്റുൾപ്പടെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | അധികം നൽകിയ തുക |
| 1. | Steel table with 1 drawer & cupboard with laminated board top(120*60*75cm) | 3 | 4,849 | 5,466 | 2,119 |
| 2. | Steel cabinet with 4 fixed shelves(198*90*48cm) | 4 | 7,791 | 9,399 | 7,365 |
| 3. | Steel slotted angle rack-6 pannel(180*90*38cm) | 6 | 3,920 | 4,558 | 4,383 |
| | ആകെ | | | | 13867 |

അധികനിരക്ക് നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.2/14.3.2017)- യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ഈ സാഹചര്യത്തിൽ നഷ്ടം വന്ന 13867/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ടെണ്ടർ ക്ഷണിക്കാതെ സിഡ്കോയിൽ നിന്നും പ്ലാസ്റ്റിക് കസേര വാങ്ങി- 12,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റ് നം.46/16(വിട്ടുകിട്ടിയ സ്ഥാപനങ്ങളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ) പ്രകാരം ടെണ്ടർ ക്ഷണിക്കാതെ സിഡ്കോയിൽ നിന്നും 20 പ്ലാസ്റ്റിക് കസേരകൾ(നീൽകമൽ ബ്രാന്റ്) നികുതിയുൾപ്പടെ 630/- രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്.(ബിൽ നം. 30/15-16/15.2.16 -183328/-മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്, ചെക്ക്നം. 2116787/31.1.16-18213/- തനതുഫണ്ട്). ടെണ്ടറില്ലാതെ സിഡ്കോയിൽ നിന്നും സിഡ്കോ നിർമ്മിക്കാത്ത ടി സാധനം വാങ്ങാൻ വ്യവസ്ഥയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 2/14.3.16)യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 12,600/-(630x20)- രൂപ യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 പത്താംതരം തുല്യതാപഠനം- രേഖകൾ ഹാജരാക്കിയില്ല-40000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് നം. 6/16 പ്രകാരം പത്താംതരം തുല്യതാപഠനത്തിനായി 25 ഗുണഭോക്താക്കൾക്കായി രജിസ്ട്രേഷൻ ഫീ, കോഴ്സ് ഫീ എന്നീയിനങ്ങളിലായി 1,600/- രൂപ നിരക്കിൽ വികസനഫണ്ടിൽ നിന്നും 40,000/-രൂപ ബിൽ നം.39/15-16/28.3.16 മുഖേന കേരള സാക്ഷരതാ മിഷൻ

ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതിനുള്ള രസീത്, സാക്ഷരതാ മിഷൻ നടത്തുന്ന തുല്യതാ പരീക്ഷയിൽ പങ്കെടുത്തവരുടെ പേര് വിവരം, പരീക്ഷ പാസ്സായവരുടെ വിവരം, തുകയുടെ വിനിയോഗക്ഷ്യപത്രം എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ആയതിനാൽ 40,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-4** പൂതക്കുളം ഗ്രാമപ്പഞ്ചായത്തിലെ ഇടയാടി തെങ്ങുവിള എസ്.സി.കോളനിയിൽ കമ്യൂണിറ്റിഹാൾ നിർമ്മാണം-പണി പൂർത്തിയാക്കിയില്ല.

പ്രോജക്റ്റ് നം. : 48/16

എസ്റ്റിമേറ്റ് : 9,80,000/-(വികസനഫണ്ട്-എസ്.സി.പി)

ചെലവ് : 5,53,987/-(പാർട്ട് ബിൽ)

ബിൽ നം. : 19/15-16/31.3.16

കരാറുകാരൻ : ശ്രീ നൗഷാദ് (2%കുറവ്)

കരാർ തീയതി : 11.2.15

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് നം.48/16 പ്രകാരം പൂതക്കുളം ഗ്രാമപഞ്ചായത്തിലെ ഇടയാടി തെങ്ങുവിള എസ്.സി.കോളനിയിൽ കമ്യൂണിറ്റി ഹാളിനുവേണ്ടി രണ്ടു നിലകളിലായി ഓഫീസ് മുറി, യോഗ ഹാൾ, മുൻവശത്ത് പോളി കാർബണേറ്റ് ഷീറ്റ് കൊണ്ട് വെയിറ്റിംഗ് ഹാൾ, ടോയ്‌ലറ്റ്, ചുറ്റുമതിൽ എന്നിവയുടെ നിർമ്മിതിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ രണ്ടു നിലകളിലായി രണ്ടു മുറികൾ നിർമ്മിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സെറാമിക് ടൈൽ കൊണ്ടുള്ള ഫ്ലോറിംഗ്, വെയിറ്റിംഗ് ഹാൾ നിർമാണം, സാനിട്ടറി ജോലികൾ, വൈദ്യുതീകരണം, ചുറ്റുമതിൽ നിർമാണം എന്നീ പ്രധാന പ്രവൃത്തികൾ നാളിതുവരെ നിർവ്വഹിച്ചിട്ടില്ല. 11.2.2015-ന് ആദ്യ കരാർ വച്ച് പാർട്ടുബിൽ പ്രകാരം 5,53,987/- രൂപ ചെലവഴിച്ച പ്രസ്തുത കെട്ടിടം യാതൊരുപയോഗവുമില്ലാതെ കിടക്കുകയാണ്. പ്രോജക്റ്റ് പ്രകാരം അവശേഷിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി കമ്യൂണിറ്റി ഹാൾ പ്രവർത്തനസജ്ജമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## **3-5** പൂതക്കുളം ഗ്രാമപഞ്ചായത്തിലെ കലയ്ക്കോട് സി.എച്ച്.സി. കോൺഫറൻസ് ഹാൾ മെയിന്റനൻസ്- **35,081/-**രൂപ അധികം നൽകി- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക തിരികെ ഒടുക്കി.

പ്രോജക്റ്റ് നം. : 52/16(സ്പിൽ ഓവർ)

അടങ്കൽ : 7,05,000/-(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)

ചെലവ് : 6,98,049/-രൂപ

ബിൽ നം. : (1) 21/14-15/31.3.2015 – 5,14,114/-രൂപ

(2) 23/15-16/15.2.16 – 1,83,935/-രൂപ

കരാറുകാരൻ : ശ്രീ സുരേന്ദ്രൻ

എം.ബുക്ക് നം. : 22/14-15

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കലയ്ക്കോട് സി.എച്ച്.സി. മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ അഞ്ചാം ഇനമായ പൗഡർ കോട്ട് ചെയ്ത അലുമിനിയം സിങ്ക് ഷീറ്റുകൊണ്ടുള്ള റൂഫിംഗ് 229.48 എം സ്ക്വയർ ചെയ്തതിന് എം സ്ക്വയറിന് 566/- രൂപ നിരക്കിൽ 1,29,886/- രൂപ നൽകിയിട്ടുണ്ട്.(എം. ബുക്ക് നം.22/14-15, പേജ് നം.18). എന്നാൽ 18.3.17-ന് നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത പ്രവൃത്തിയുടെ ആകെ അളവ് 167.50 എം സ്ക്വയർ ആണെന്ന് ബോധ്യപ്പെട്ടു. (2x(10.90m2x4.10m2)+2x(6.30m2x6.2m2). ഇതു പ്രകാരം അധികം അളവ് വന്ന 61.98m2-ന് 35,081/-രൂപ (61.98x566) കരാറുകാരന് അധികം നൽകിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(നം.11/18.3.17) നൽകിയതിനെത്തുടർന്ന് നഷ്ടം വന്ന 35,081/-രൂപ 20.3.17-ലെ നം. ചെലാൻ മുഖേന തിരികെ ഒടുക്കിയിട്ടുണ്ട്.

## 3-6 <u>രണ്ടാം ഘട്ടം സാന്ത്വനം പരിചരണ പരിപാലനം -ബ്ലോക്ക് പഞ്ചായത്ത് വാഹനം നൽകിയിട്ടും വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചു.</u>

പ്രൊജക്ട് നം :S.0054/16

ബിൽനം:3/15-16/12.11.15 14600/-രൂപ

8/15-16/03.03.16 12600/-രൂപ

10/15-16/30.03.16 12463/-രൂപ

11/15-16/30.03.16 10376/-രൂപ

12/15-16/30.03.16 249583/-രൂപ

14/15-16/30.03.16 20000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ സി.എച്ച്.സി, കലയ്ക്ക്കോട്

മെഡിക്കൽ ഓഫീസർ സി.എച്ച്.സി. കലയ്ക്ക്കോട് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ രണ്ടാം ഘട്ടം സാന്ത്വന പരിചരണ പരിപാലനം എന്ന പ്രോജക്ടിൽ ഹോം കെയറിന് വേണ്ടി ബ്ലോക്ക് പഞ്ചായത്ത് വാഹനം നൽകിയിട്ടും പ്രസ്തുത വാഹനം ഉപയോഗിക്കാതെ വേറെ വാഹനം വാടകയ്ക്ക് എടുത്തു ഉപയോഗിച്ചതിന് 43000/- രൂപ ചെലവഴിച്ചിരിക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത് വാഹനമായ നമ്പർ kl-02-G5803 ടെമ്പോ ട്രാക്സ് വാഹനം പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാന (നം.11/11.06.15)പ്രകാരം കലയ്ക്ക്കോട് സി.എച്ച്.സി.ക്ക് രണ്ടാം ഘട്ടം സാന്ത്വന പരിചരണ പരിപാലനത്തിനായി

നൽകിയിട്ടുണ്ട്. എന്നാൽ വാഹനം ഹോം കെയർ പരിപാടിയുടെ ആവശ്യത്തിനായി ഉപയോഗിക്കാതെ ഹോം കെയർ നടത്തുന്ന ദിവസം 1000/-രൂപ നിരക്കിൽ സ്വകാര്യ വാഹനം കരാർ വെച്ച് വാടകയക്ക് എടുത്തു ഉപയാഗിച്ചു. ഹോംകെയർ നടത്തുന്ന ദിവസം വാഹനം വാടകയ്ക്ക് എടുത്തു ഉപയാഗിച്ചതിന് താഴെ പറയുന്ന പ്രകാരം തുക നൽകിയിട്ടുണ്ട് .

| ബിൽ നം | വാഹനം ഓടിയ ദിവസം | നൽകിയ തുക (രൂപ) |
|---|---|---|
| 08/15-16 | 11.08.15 | 1000/- |
| | 12.08.15 | 1000/- |
| | 18.08.15 | 1000/- |
| | 19.08.15 | 1000/- |
| | 26.08.15 | 1000/- |
| 10/15-16 | 07.10.15 | 1000/- |
| | 12.10.15 | 1000/- |
| | 13.10.15 | 1000/- |
| | 20.10.15 | 1000/- |
| | 21.10.15 | 1000/- |
| | 26.10.15 | 1000/- |
| | 27.10.15 | 1000/- |
| | 28.10.15 | 1000/- |
| 11/15-16 | 03.11.15 | 1000/- |

| | | |
|---|---|---|
| | 0911.15 | 1000/- |
| | 11.11.15 | 1000/- |
| | 17.11.15 | 1000/- |
| | 23.11.15 | 1000/- |
| | 24.11.15 | 1000/- |
| | 25.11.15 | 1000/- |
| 12/15-16 | 09.12.15 | 1000/- |
| | 21.12.15 | 1000/- |
| | 22.12.15 | 1000/- |
| | 23.12.15 | 1000/- |
| | 29.12.15 | 1000/- |
| | 06.01.16 | 1000/- |
| | 06.01.16 | 1000/- |
| | 11.01.16 | 1000/- |
| | 12.01.16 | 1000/- |
| | 13.01.16 | 1000/- |
| | 19.01.16 | 1000/- |
| | 20.01.16 | 1000/- |
| | 25.01.16 | 1000/- |

| | | |
|---|---|---|
| 03/15-16 | 01.03.16 | 1000/- |
| | 09.03.16 | 1000/- |
| | 11.03.16 | 1000/- |
| | 14.03.16 | 1000/- |
| | 15.03.16 | 1000/- |
| | 22.03.16 | 1000/- |
| | 08.0216 | 1000/- |
| | 16.02.16 | 1000/- |
| | 17.02.16 | 1000/- |
| | 22.02.16 | 1000/- |
| | 24.02.16 | 1000/- |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (14/18.0317) നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപരാമർശത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-7 സബ്സിഡി മാർഗ രേഖയ്ക്ക് വിരുദ്ധമായി കാലിത്തീറ്റ വിതരണ പദ്ധതി നടപ്പിലാക്കി

പ്രോജക്ട് നം :S0032/16

ബിൽനം:1/15-16/30.03.16 15,00,000/-രൂപ

ഭരണാനുമതി നം :01/13.08.15

ക്ഷീരവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കാലിത്തീറ്റ വിതരണ പദ്ധതി എന്ന സംയുക്ത പ്രൊജക്ട് പരിഷ്കരിച്ച മാർഗരേഖ (സ.ഉ.(എം.എസ്) നമ്പർ 362/2013, തീയതി, 16.11.13)ക്ക് വിരുദ്ധമായി നടപ്പിലാക്കിയതിനാൽ കാലിത്തീറ്റ വിതരണ പദ്ധതിക്ക് വേണ്ടി ബ്ലോക്ക് വിഹിതമായി 15,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായ 1500000/-രൂപയും ചാത്തന്നൂർ

ഗ്രാമ പഞ്ചായത്തിന്റെ 400000/-രൂപയും കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിന്റെ 600000/-രൂപയും പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 400000/-രൂപയും വകയിരുത്തിയതാണ്.

പരിഷ്കരിച്ച മാർഗ്ഗരേഖ സ.ഉ.(എം.എസ് ) നമ്പർ 362/2013തീയതി16.11.13 പ്രകാരം സംയുക്തമായി നടപ്പിലാക്കുന്ന കാലിത്തീറ്റ പദ്ധതിയിൽ ഗ്രാമ പഞ്ചായത്ത് ആയിരിക്കണം പ്രൊജക്ട് നിർവ്വഹണം നടത്തേണ്ടത്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (01/15.03.17) നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പദ്ധതികൾ ഭാവിയിൽ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ഭിന്നശേഷി ഉള്ളവർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ വാങ്ങാൻ 858000/-രൂപ വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകി -സ്കൂട്ടർ ലഭിച്ചില്ല .

പ്രൊജക്ട് നമ്പർ:S016/16

ബിൽ നമ്പർ :01/15-16/22.03.16:876000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ :ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്ട് ഓഫീസർ

2015-16 വർഷത്തിൽ ഭിന്നശേഷി ഉള്ളവർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ എന്ന പ്രോജക്ടിൽ 858000/-രൂപ സ്കൂട്ടർ വാങ്ങുന്നതിനും,18000/-രൂപ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനുമായി വകയിരുത്തുന്നു. കേരള വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും 12 സ്കൂട്ടർ വാങ്ങുന്നതിനു വേണ്ടി 858000/- രൂപ (71500x12) DDNo.357081/31.03.16 പ്രകാരം നൽകി ഒരു വർഷം കഴിഞ്ഞിട്ടും ഒരു സ്കൂട്ടർ പോലും വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും ലഭിച്ചിട്ടില്ല .

വികലാംഗ ക്ഷേമ കോർപ്പറേഷനുമായി നിയമപരമായ എഗ്രിമെന്റ് വെച്ചിട്ടില്ല. സ്കൂട്ടർ ലഭിക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/14.3.17) സാധനങ്ങൾ വാങ്ങി കൊടുക്കുന്നതുമായി ബന്ധപ്പെട്ട് കോർപറേഷൻ കരാർ വെക്കാറില്ലെന്നും, സ്കൂട്ടർ 2017- മാർച്ച് മാസം തന്നെ ലഭ്യമാക്കുമെന്നും കോർപ്പറേഷൻ അറിയിച്ചിട്ടുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും സ്കൂട്ടർ ലഭ്യമാക്കുന്നത് വരെ 858000/- രൂപ തടസപ്പെടുത്തുന്നു. ആയതിനാൽ വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും ലഭിക്കാനുള്ള 12 സ്കൂട്ടർ ഉപജീവനത്തിനായി കാത്തിരിക്കുന്ന വികലാംഗർക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 ഇൻവോയ്സുകൾ ഇല്ല - 27000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രൊജക്റ്റ് നം :S0068/16

ബിൽനം:2/15-16/31.03.16 205300/-രൂപ

:3/15-16/31.03.16 10000/-രൂപ

ക്ഷീരവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ധാതു ലവണ മിശ്രിതം പദ്ധതിയിൽ പുത്തൻകുളം, ഇളംകുളം എന്നീ ക്ഷീര സംഘങ്ങൾക്ക് ധാതു ലവണ മിശ്രിതം വാങ്ങിയതിന് ഇൻവോയ്സ് പ്രകാരം തുക അനുവദിച്ച നൽകിയിട്ടുണ്ട്. എന്നാൽ ഇവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.6/16.03.17) നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല.

| സംഘത്തിന്റെ പേര് | സബ്സിഡി തുക (രൂപ ) |
|---|---|
| പുത്തൻകുളം | 6750/- |
| ഇളംകുളം | 20250/- |

ഇൻവോയ്സുകളുടെ അഭാവത്തിൽ 27000/- രൂപ തടസ്സപ്പെടുത്തുന്നു. അവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-10 അഭ്യസ്തവിദ്യരായ പട്ടികജാതി യുവതീയുവാക്കൾക്ക് പി.എസ്.സി. കോച്ചിംഗ്- 108000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.4000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2015-16 വർഷം നടപ്പിലാക്കിയിട്ടുള്ള അഭ്യസ്തവിദ്യരായ പട്ടികജാതി യുവതീയുവാക്കൾക്ക് പി.എസ്.സി. കോച്ചിംഗ് എന്ന പ്രോജക്ട് (പ്രോജക്ട് നം.27/16) സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ പദ്ധതിക്കായി പിൻവലിച്ചിട്ടുള്ള 112000/- രൂപയിൽ 108000/- രൂപ തടസ്സപ്പെടുത്തുന്നു. അർഹതയില്ലാത്ത വ്യക്തിക്കു ആനുകൂല്യം നൽകിയതുവഴി ചെലവായിട്ടുള്ള 4000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച 16.11.2013 ലെ പരിഷ്കരിച്ച മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)362/2013 ത സ്വ ഭ വ പ്രകാരം സമർത്ഥരായ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം/യുവതീയുവാക്കൾക്ക് തൊഴിൽ എന്നിവയ്ക്കായി പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിനും പ്രൊഫഷണൽ കോഴ്സിലേക്കുള്ള എൻട്രൻസ് കോച്ചിംഗിനും ധനസഹായം നൽകാവുന്നതാണ്. എന്നാൽ പി.എസ്.സി. കോച്ചിംഗിനു ധനസഹായം നൽകുവാൻ നിലവിൽ നിർദേശങ്ങളില്ല. മേൽ പ്രോജക്ട് നടപ്പാക്കുന്നതിനായി നിർവഹണോദ്യോഗസ്ഥൻ സർക്കാരിൽ നിന്നും മുൻകൂർ അനുമതിയും വാങ്ങിയിട്ടില്ല.

പ്രോജക്ടിൽ സൂചിപ്പിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ പ്രകാരം പി.എസ്.സി പരീക്ഷയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരിൽ കുറഞ്ഞത് 3 മാസമെങ്കിലും അംഗീകൃത കോച്ചിംഗ് സെന്ററുകളിൽ പഠനം നടത്തി യിട്ടുള്ളവർക്ക് ഹാൾ ടിക്കറ്റ്, ഫീസ് ഒടുക്കിയിട്ടുള്ളതിന്റെ രേഖകൾ, ജാതി സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കാവുന്നതാണ്. എന്നാൽ പദ്ധതിയുടെ ഗുണഭോക്താക്കളിൽ ഒരാളായ ശ്രീ സുരബി,മൂഴിയിൽവീട്, മൈലക്കാട് എന്ന ഗുണഭോക്താവിന്റെ ജനന

തീയതി 07.05.1971 ആണ്.പി.എസ്.സി.പരീക്ഷ എഴുതാനുള്ള പ്രായ പരിധി നിലവിൽ ജനറൽ വിഭാഗക്കാർക്ക് 36 വയസ്സും, പട്ടികജാതി വിഭാഗത്തിന് 5 വർഷ ഇളവും ആണ് പി.എസ്.സി നല്കിയിട്ടുള്ളത്. ശ്രീ.സുരക്ക് പി.എസ്.സി.പരീക്ഷ എഴുതാനുള്ള അവസരം 2012-ൽ തന്നെ കഴിഞ്ഞിട്ടുള്ളതാണ് . ആയതിനാൽ ടിയാന് പ്രൊജക്റ്റ് പ്രകാരമുള്ള ആനുകൂല്യം നല്കാൻ കഴിയില്ല . പ്രായം കഴിഞ്ഞ വ്യക്തിക്ക് നിർവ്വഹണോദ്യോഗസ്ഥൻ ഏത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ച നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല. ടിയാന് നൽകിയ 4000/-രൂപ നിരാകരിക്കുന്നു.

മേൽ അപാകതകൾ ചൂണ്ടികാണിച്ച കൊണ്ട് 18.03.17ൽ ഓഡിറ്റ് എൻക്വയറി നം.8 നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചിരുന്നില്ല. സർക്കാർ മാർഗ്ഗ രേഖകൾക്ക് വിരുദ്ധമായി നിർവഹണോദ്യോഗസ്ഥൻ പ്രോജക്ട് നടപ്പിലാക്കിയതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ 28 ഗുണഭോക്താക്കൾക്കായി 4000/- രൂപ വീതം ചെലവഴിച്ചിട്ടുള്ള 112000/- രൂപയിൽ 27 ഗുണഭോക്താക്കൾക്കായി നൽകിയ 108000/-രൂപ തടസ്സപ്പെടുത്തുന്നു. പ്രോജക്ടിൽ സൂചിപ്പിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്ക് വിപരീതമായി ഒരു ഗുണഭോക്താവിനു നൽകിയിട്ടുള്ള 4000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക നിർവഹണോദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസറിൽ നിന്നും ഈടാക്കി തിരികെ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## 3-11 പ്രീമെട്രിക് ഹോസ്റ്റലിലേക്ക് മിക്സി വാങ്ങിയതിൽ ക്രമക്കേട് -3450/-രൂപ നിരാകരിക്കുന്നു

പ്രൊജക്ട് നം :എസ്.0031/16

ബിൽനം:18/15-16/29.03.16 75000/-രൂപ

എസ് .സി.പി.ഫണ്ട്

പട്ടികജാതി വികസന ഓഫീസർ നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രീമെട്രിക് ഹോസ്റ്റലിലേക്ക് ഫർണിച്ചർ എന്ന പ്രോജക്ടിന് വേണ്ടി മിക്സി വാങ്ങിയതിൽ 3450/-രൂപയുടെ ക്രമക്കേട് നടന്നു.

ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെ പറയുന്ന സാധനങ്ങൾ വാങ്ങി പ്രീമെട്രിക് ഹോസ്റ്റലിലേക്ക് നൽകിയിട്ടുണ്ട്.ആയതിന്റെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഐറ്റം | തുക( രൂപ ) |
|---|---:|
| ഗ്രിൽ (കിണറിന്റെ) | 6500/- |
| വാട്ടർ ടാങ്ക് | 16065/- |
| ടി.വി.(എൽ .ഇ.ഡി) | 25000/- |
| പാത്രങ്ങൾ,മിക്സി | 23908/- |

| | |
|---|---|
| മൺവെട്ടി | 1300/- |
| വെള്ള ബോർഡ് | 2025/- |
| ഓട്ടോക്കൂലി | 200/- |
| ആകെ | 74998/- |

മേൽ പറഞ്ഞ ഐറ്റം വാങ്ങിയതിൽ പാത്രങ്ങൾ ,മിക്സി എന്നിവ വാങ്ങാനുള്ള ക്വട്ടേഷൻ ലഭിച്ച G.G.K.HomeAppliances Chathanoor എന്ന സ്ഥാപനത്തിന്(DD.No.35700/30.03.16) പ്രകാരം 23908/-രൂപ നൽകിയിട്ടുണ്ട്. ബിൽ പ്രകാരം Preethi-Zodiac മോഡലിന് 7000/-രൂപ ആണ് നല്കിയിട്ടുള്ളത്. പ്രീമെട്രിക് ഹോസ്റ്റലിലേക്ക് വാങ്ങിക്കൊടുത്ത സാധനങ്ങളുടെ ഭൗതിക പരിശോധന ഓഡിറ്റ് വേളയിൽ (4.6.17) നടത്തിയപ്പോൾ Preethi-Popularഎന്ന മോഡൽ ആണ് നല്കിയിട്ടുള്ളതായി ബോധ്യപ്പെട്ടു. മോഡലിലെ വ്യത്യാസത്തെ തുടർന്ന് കൊട്ടേഷൻ നൽകിയ സ്ഥാപനത്തിൽ നിന്നും Preethi-Popular മോഡൽ മിക്സിയുടെ ക്വട്ടേഷൻ വാങ്ങിയപ്പോൾ 3550/-രൂപ മാത്രമാണ് ഇപ്പോഴത്തെ വില. Preethi മിക്സിക്ക് വിവിധ മോഡൽ ലഭ്യമാണ് . ഇത്തരത്തിൽ ബില്ലിൽ ഉയർന്ന തുകയുടെ ഐറ്റം കാണിച്ച വില കുറവുള്ള ഐറ്റം വാങ്ങി നൽകിയത് ക്രമക്കേടായി കാണുന്നു. ബിൽ പ്രകാരമുള്ള ഐറ്റം തന്നെ ആണോ ലഭിച്ചിട്ടുള്ളതെന്നു നിർവഹണ ഉദ്യോഗസ്ഥ ഉറപ്പാക്കിയിട്ടില്ല. ആയതിനാൽ Preethi-Popular മോഡലിന്റെ വില ആയ 3550/-രൂപ മാത്രമേ അംഗീകരിക്കാൻ കഴിയൂ. അധികം നൽകിയ 3450/-രൂപ നിരാകരിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും 3450/- രൂപ ഈടാക്കി തിരികെ ഒടുക്കേണ്ടതാണ്. മേൽ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.8/18.03.17) നൽകിയതിന് നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-12 ലൈസൻസ് ഇല്ലാത്തവർക്കു ഓട്ടോറിക്ഷ വാങ്ങാൻ നൽകിയ സബ്സിഡി തുക നിരാകരിക്കുന്നു - 100000/-രൂപ

പ്രൊജക്റ്റ് നം :S0030/16

ബിൽനം:16/15-16/31.03.16 200000/-രൂപ

എസ് .സി.പി.ഫണ്ട്

പട്ടികജാതി വികസന ഓഫീസർ നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഓട്ടോറിക്ഷ വാങ്ങൽ എന്ന പ്രോജെക്ടിൽ സബ്സിഡി ആനുകൂല്യം കൈപ്പറ്റിയ 2 ഗുണഭോക്താക്കൾ ഓട്ടോറിക്ഷ ഓടിക്കാനുള്ള ലൈസൻസ് ഇല്ലാത്തവരാണ്.വിവരം താഴെ പറയുന്നു. ,

| ഗുണഭോക്താക്കളുടെപേര് | ഡി.ഡി നം /തീയതി | തുക (രൂപ ) |
|---|---|---|
| ശശാങ്കൻ,പുത്തൻവീട്ടിൽ കിഴക്കേതിൽ, | 356900/30.03.16 | 50000/- |

| | | |
|---|---|---|
| ഉളിയനാട് കൊല്ലം (ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് | | |
| സുശീലൻ,മാടൻപൊയ്ക, ചരുവിളവീട്,കല്ലുവാതുക്കൽ (കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്) | 789760/31.03.16 | 50000/- |

മേൽ പറഞ്ഞ രണ്ടു ഗുണഭോക്താക്കൾക്കും ഓട്ടോറിക്ഷ ഓടിക്കാനുള്ള ലൈസൻസ് ഇല്ലാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.8/18.03.17) നൽകിയതിന് നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്) 362/2013 തസ്വഭവ., തീ.യതി, 16.11.2013.പ്രകാരംലൈസൻസും ബാഡ്ജും ഉള്ളവർക്കേ ഓട്ടോറിക്ഷ വാങ്ങി നൽകാവൂ എന്ന് പറഞ്ഞിട്ടുള്ളതാണ്. ആയതിനാൽ ലൈസൻസ് ഇല്ലാത്ത ഗുണഭോക്താൾക്ക് നൽകിയ 100000/-(50000x2) രൂപ നിരാകരിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും 100000/- രൂപ ഈടാക്കി തിരികെ ഒടുക്കേണ്ടതാണ് .

## 3-13 മണ്ണ് പരിശോധനാ ചെലവ്-രേഖകൾ ഹാജരാക്കിയില്ല.-51525/- രൂപ തടസ്സപ്പെടുത്തുന്നു

ബ്ലോക്ക് പഞ്ചായത്തിൽ പുതുതായി പണി കഴിപ്പിക്കുന്ന കോൺഫറൻസ് ഹാളിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധനയ്ക്ക് ചെലവായിട്ടുള്ളതായി കാണിച്ചിട്ടുള്ള 51525/- രൂപ വിനിയോഗ സാക്ഷ്യപത്രത്തിന്റേയും മണ്ണ് പരിശോധനാ സർട്ടിഫിക്കറ്റിന്റെയും അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

നിർമ്മാണം ആരംഭിക്കുന്നതിനു മുന്നോടിയായി മണ്ണിന്റെ ഘടന പരിശോധിക്കേണ്ടതുണ്ടെന്നും ആയതിനായി തുക അനുവദിച്ചു നൽകണമെന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ 16.12.2015 ലെ 08/AEE/LSGD/ITKA/15-16 നം അപേക്ഷ പ്രകാരം 51525/- രൂപ (ചെക്ക് നം.210391/തീ.30-12-15) തനത് ഫണ്ടിൽ നിന്നും അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ മണ്ണ് പരിശോധന നടത്തിയിട്ടുള്ളതിന്റെ യാതൊരു രേഖകളും ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് 15/03/17 ൽ നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി നം.4 ന് മറുപടി ഹാജരാക്കിയിരുന്നില്ല. ആയതിനാൽ ആവശ്യമായ രേഖകളുടെ അഭാവത്തിൽ ഈ തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം, മണ്ണ് പരിശോധനാ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-14 ഐ.എ.വൈ ഭവന പദ്ധതി-തുക കൈപ്പറ്റിയവർ നിർമ്മാണം ആരംഭിച്ചിട്ടില്ല

ഐ എ വൈ ഭവന പദ്ധതി പ്രകാരം 2015-16 വർഷം ഭവന നിർമ്മാണ ത്തിനായി ആദ്യ ഗഡു കൈപ്പറ്റിയിട്ടുള്ള താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം ആരംഭിക്കുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും, മേൽവിലാസവും | ഗ്രാമപഞ്ചായത്ത് | കൈപ്പറ്റിയിട്ടുള്ള തുക |
|---|---|---|---|
| 1. | ശ്രീമതി.ബി.ജയ, ശ്രീനന്ദനം, ആദിച്ചനല്ലൂർ | ആദിച്ചനല്ലൂർ | 17500/- |
| 2. | ശ്രീമതി.ലളിത, ബാല്യ മന്ദിരം, കാരംകോട് | ചാത്തന്നൂർ | 17500/- |
| 3. | ശ്രീമതി.ഷാബിന ബീവി, റോഡുവിള പുത്തൻവീട്, കാരംകോട് | ചാത്തന്നൂർ | 17500/- |
| 4. | ശ്രീമതി.സുബിന, സിയാദ് മൻസിൽ, എഴിപ്പുറം, പാരിപ്പള്ളി | കല്ലുവാതുക്കൽ | 17500/- |
| 5. | ശ്രീമതി.ലതിക, ചാമവിള വീട്, കിഴക്കനേല | കല്ലുവാതുക്കൽ | 17500/- |
| 6. | ശ്രീമതി.അംബുജാക്ഷി, വട്ടയത്ത് ചരുവിള വീട്, മുണ്ടുകോണം മേലതിൽ, വേളമാനൂർ | കല്ലുവാതുക്കൽ | 17500/- |
| 7. | ശ്രീമതി.സൗമ്യ, ഗോകുലം, പൂതക്കുളം | പൂതക്കുളം | 17500/- |

മേൽ വ്യക്തികളെ കൊണ്ട് ഭവന നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ, അല്ലാത്തപക്ഷം തുക തിരിച്ചടയ്ക്കുന്നതിനുള്ള റിക്കവറി നടപടികൾ സ്വീകരിക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് | 2015-16 | 154364 | ആദിച്ചനല്ലൂർ പഞ്ചായത്ത് യു.പി.എസ്. ന സമീപം ഓട നിർമ്മാണം | 154364 | 0 |
| കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് | 2015-16 | 500000 | കാലിത്തീറ്റ വിതരണം | 500000 | 0 |
| ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് | 2015-16 | 200000 | കാലിത്തീറ്റ വിതരണം | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് | 2015-16 | 300000 | കാലിത്തീറ്റ വിതരണം | 300000 | 0 |
| പൂതക്കുളം ഗ്രാമപഞ്ചായത്ത് | 2015-16 | 200000 | കാലിത്തീറ്റ വിതരണം | 200000 | 0 |
| ചിറക്കര ഗ്രാമപഞ്ചായത്ത് | 2015-16 | 200000 | കാലിത്തീറ്റ വിതരണം | 200000 | 0 |
| ചിറക്കര ഗ്രാമപഞ്ചായത്ത് | 2015-16 | 260950 | കരോട്ട് മുക്ക് റോഡിൽ ഓട നിർമ്മാണം | 260950 | 0 |
| ഗ്രാമപഞ്ചായത്ത് | 2015-16 | 7160000 | ഐ.എ.വൈ | 6389922 | 770078 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 6867625 | ഐ.എ.വൈ | 6724275 | 143350 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പാ തിരിച്ചടവ് നടത്തിയിട്ടില്ല. ഇന്ദിര ആവാസ് യോജന അധിക വിഹിതം നൽകുന്നതാണ്. എടുത്ത വായ്പയിൽ വർഷാവസാനം 1,36,16,454/- രൂപ തിരിച്ചടക്കുവാൻ ബാക്കിയുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇന്ദിരാ ആവാസ് യോജന അധിക ധനസഹായം | സ.ഉ(എം.എസ്) നം.90/13 ത.സ്വ.ഭ.വ. തീ. 14.03.2013 | 13616454 | 13616454 | ഇല്ല | ഇല്ല | 13616454 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാംവകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1997-98 | 2001-02 | നെൽകൃഷിക്കാർക്ക് മൺവെട്ടി വിതരണം പാഴ്ച്ചെലവ് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 136503498 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 90747213 |
| വരവിനങ്ങളിലുള്ള നഷ്ടം | 20000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 121317 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 239125 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 20,000 | | ശ്രീമതി.റ്റി.ബീനാ കുമാരി, സെക്രട്ടറി |
| 3-1 | | 13867 | ശ്രീമതി.റ്റി.ബീനാ കുമാരി, |

| | | | |
|---|---|---|---|
| | | | സെക്രട്ടറി |
| 3-10 | | 4000 | പട്ടികജാതി വികസന ഓഫീസർ |
| 3-11 | | 3450 | പട്ടികജാതി വികസന ഓഫീസർ |
| 3-12 | | 100000 | പട്ടികജാതി വികസന ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 12600 | ശ്രീമതി.റ്റി.ബീനാ കുമാരി, സെക്രട്ടറി |
| 3-3 | 40000 | ശ്രീ.പി.എസ്.നീലകണ്ഠ പ്രസാദ്, സെക്രട്ടറി |
| 3-9 | 27000 | ശ്രീമതി.പൗർണ്ണമി, ക്ഷീര വികസന ഓഫീസർ |
| 3-10 | 108000 | പട്ടികജാതി വികസന ഓഫീസർ |
| 3-13 | 51525 | ശ്രീമതി.റ്റി.ബീനാ കുമാരി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവ രുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.റ്റി.ബീനാകുമാരി, സെക്രട്ടറി | സെക്രട്ടറി, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | തയ്യിൽ, ഇടത്തറ പി.ഒ.,കടയ്ക്കൽ |
| ശ്രീമതി.സി.വി.പൗർണ്ണമി, ക്ഷീര വികസന ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ചടയമംഗലം | ലക്ഷ്മിശ്രീ, തട്ടത്തുമല പി.ഒ.,കിളിമാനൂർ, തിരുവനന്തപുരം |
| ശ്രീമതി.സി.ഗീത | സർവ്വീസിൽ നിന്നും വിരമിച്ചു | വാര്യത്ത്, വവ്വാക്കാവ് പി.ഒ., കൊല്ലം. |
| ശ്രീ.കെ.സുനിൽ കുമാർ | പട്ടികജാതി വികസന ഓഫീസർ, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് | മുടിയിൽ താഴതിൽ വീട്, ആയിക്കുന്നം പി.ഒ., ശാസ്താംകോട്ട, കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99<br>2005-06 | എൽ.എഫ്.ക്യു.ഡി.ബി.1525(06)/14 തീയതി, 08/07/14 | ഇല്ല |
| 2006-07 | എൽ.എഫ്.ക്യു.ഡി.ബി.1525(05)/14 തീയതി, 08/07/14 | ഇല്ല |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി.1525(04)/14 തീയതി, 08/07/14 | ഇല്ല |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി.1525(03)/14 തീയതി, 08/07/14 | ഇല്ല |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി.1525(02)/14 തീയതി, 08/07/14 | ഇല്ല |
| 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി.1525(01)/14 തീയതി, 08/07/14 | ഇല്ല |
| 2011-12 | എൽ.എഫ്.ക്യൂ.ഡി.ബി.1077/14 തീയതി, 21/07/14 | ഇല്ല |
| 2012-13 & 2013-14 | എൽ.എഫ്.ക്യൂ.ഡി.ബി.3039/14 തീ.30/05/15 | ഇല്ല |
| 2014-15 | കെ എസ് എ.കെ.എൽ.എം. ഡി.ബി.1673/16 തീയതി.20/01/2017 | ഇല്ല |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

**4-10** ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.എൽ.എം-ഡി.ബി 829/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി, 01/07/2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ്സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക്

പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഫീസ്, കൊല്ലം.